
ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
2023 ജൂലൈ 13 | ദീപം 56 | നാളം 19 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# അഭികാമ്യമോ ഏകവ്യക്തിനിയമം?

ജോർജ് കള്ളിവയലിൽ

ഏകവ്യക്തിനിയമം എന്ന യൂണിഫോം സിവിൽ കോഡ് (യൂസിസി) വലിയ ചർച്ചയിലും വിവാദത്തിലുമാണിപ്പോൾ. ഏകവ്യക്തിനിയമം നടപ്പാക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരസ്യപ്രസ്താവനയെത്തുടർന്നാണു ചർച്ച സജീവമായിരിക്കുന്നത്. മണിപ്പൂർ കത്തിയെരിയുമ്പോഴും മൗനം തുടരുന്ന പ്രധാനമന്ത്രിയാണ് വ്യക്തിനിയമത്തെക്കുറിച്ചു വാചാലനാകുന്നത്. ലോക്സഭാതിരഞ്ഞെടുപ്പിൽ വോട്ടുകളുടെ ധ്രുവീകരണം മോദി ലക്ഷ്യമിടുന്നുവെന്നതിൽ സംശയിക്കാനില്ല. ഏതായാലും രാജ്യത്തെ രാഷ്ട്രീയ, മത, ഗോത്ര നേതാക്കളും സാധാരണക്കാരുംവരെ യൂസിസിയെ അനുകൂലിച്ചും പ്രതികൂലിച്ചും രംഗത്തെത്തി. പക്ഷം ചേരാത്തവരും ഏറെയുണ്ട്. മണിപ്പൂരിൽ ക്രൈസ്തവരെ വംശഹത്യ വരുത്താൻ തുടങ്ങിയിട്ടു രണ്ടു മാസം പിന്നിടുമ്പോഴും ജനങ്ങൾക്കു സുരക്ഷയും സംരക്ഷണവും ആശ്വാസവും നൽകേണ്ട പ്രധാനമന്ത്രിയുടെ മൗനം ദുഃഖകരവും അപകടകരവുമാണ്. ക്രൈസ്തവരെ മാത്രമല്ല, അവരുടെ ദേവാലയങ്ങൾ, സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയവ തിരഞ്ഞുപിടിച്ചു തകർക്കുകയും തീയിട്ടു നശിപ്പിക്കുകയും ചെയ്യുമ്പോഴും നിയമപാലകരും പട്ടാളക്കാരുംപോലും അക്രമികളെ പരോക്ഷമായും നേരിട്ടും സഹായിക്കുകയോ, കണ്ടില്ലെന്നു നടിക്കുകയോ ചെയ്യുന്നു. കഴിഞ്ഞ തിങ്കളാഴ്ചയും ചൊവ്വാഴ്ചയുംപോലും കുക്കി ഗോത്രത്തിൽപ്പെട്ട നാലു ക്രൈസ്തവരെ കൊന്നു. ഒരാളുടെ തലയറുത്തു വേലിയിൽ വച്ചതുപോലുള്ള കൊടുംക്രൂരതകളാണ് മേയ് മൂന്നിനു തുടങ്ങിയ കലാപം ജൂലൈയിലേക്കു കടക്കുമ്പോഴും ഉണ്ടായത്.




### ലക്ഷ്യവും മാർഗവും ഒന്നാകണം

ജാതി മത വർഗ ലിംഗ വ്യത്യാസമില്ലാതെ രാജ്യത്താകെ ഒരേ വ്യക്തിനിയമം നടപ്പാക്കുകയാണ് യൂസിസിയുടെ ലക്ഷ്യം. ഇന്ത്യയിലാകെ ഒരു ഏകീകൃത സിവിൽ കോഡിന് ഭരണകൂടം ശ്രമിക്കണമെന്നു ഭരണഘടനയുടെ 44-ാം അനുച്ഛേദം നിർദേശിച്ചിട്ടുമുണ്ട്. പക്ഷേ, നിർബന്ധമായും നടപ്പാക്കേണ്ട നിയമങ്ങളിൽനിന്ന് ഏകവ്യക്തിനിയമത്തെ ഭരണഘടനാശില്പികൾ ഒഴിവാക്കിയിരുന്നു. പകരം, ഇതൊരു നിർദേശകതത്ത്വംമാത്രമാണ്. അനുച്ഛേദം 37 ൽ ഇതു വ്യക്തമാക്കുന്നുണ്ട്. മാർഗനിർദേശതത്ത്വങ്ങൾ നടപ്പാക്കാൻ കോടതികൾക്കും കഴിയില്ല.

ഏകീകൃത സിവിൽ കോഡ് ഈ ഘട്ടത്തിൽ ആവശ്യമോ അഭികാമ്യമോ അല്ലെന്ന് 21-ാം നിയമ കമ്മീഷൻ 2018 ൽ വിലയിരുത്തിയിരുന്നു. എന്നാൽ, വ്യക്തിനിയമങ്ങളിലെ വിവേചനവും അസമത്വവും പരിഹരിക്കുന്നതിനു നിലവിലുള്ള കുടുംബനിയമങ്ങൾ പരിഷ്കരിക്കാനും ക്രോഡീകരിക്കാനും ഇതേ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. യൂസിസി പ്രശ്നത്തിൽ വീണ്ടും പരിശോധന വേണമെന്ന് പാർലമെന്ററി പാനലിനുമുമ്പാകെ കഴിഞ്ഞ തിങ്കളാഴ്ച നിയമക്കമ്മീഷൻ ആവശ്യപ്പെട്ടു. കോൺഗ്രസ്, സിപിഎം, ഡിഎംകെ, തെലുങ്കാനയിലെ ബിആർഎസ്, മുസ്ലിംലീഗ് തുടങ്ങിയ പാർട്ടികളും ഏകവ്യക്തിനിയമനീക്കത്തിൽ പുനഃപരിശോധന ആവശ്യപ്പെട്ടിട്ടുണ്ട്.

ഏകീകൃത സിവിൽ കോഡ് ഈ ഘട്ടത്തിൽ ആവശ്യമില്ലെന്നു നിയമക്കമ്മീഷൻശിപാർശ ഉണ്ടായിട്ടും കൂടിയാലോചന തുടങ്ങിയ പാർലമെന്ററി സമിതിയുടെ നീക്കം ബിജെപിയുടെ രാഷ്ട്രീയനീക്കമാകും. ബിജെപി നേതാവ് സുശീൽ കുമാർ മോദിയാണ് സമിതിയുടെ അധ്യക്ഷൻ. നിയമം നീതി, ഉദ്യോഗസ്ഥർ, പൊതുപരാതികൾ എന്നിവയെക്കുറിച്ച് പരിശോധിക്കുന്ന സമിതിയാണിത്. എന്നാൽ സുശീൽ മോദി അധ്യക്ഷനായ ഇതേ സമിതിയിലെ ചില നിർദേശങ്ങളിൽ രാഷ്ട്രീയം വ്യക്തമാണ്.

**നീതിബോധവും സഹോദരസ്നേഹവും ഉള്ളവർ തൽക്കാലം യുസിസിയെ കണ്ണുമടച്ച് എതിർക്കുകയോ അനുകൂലിക്കുകയോ വേണ്ട. യുസിസിയുടെ ഗുണദോഷങ്ങൾ വേർതിരിക്കപ്പെടട്ടെ. സ്വാതന്ത്ര്യം, നീതി, തുല്യത തുടങ്ങിയവ സമവായത്തിലൂടെ ഉറപ്പാക്കുകയാണു പ്രധാനം. ഭൂരിപക്ഷമതവും സംസ്കാരവും ആചാരങ്ങളും നിയമങ്ങളും ഭാഷയും രാഷ്ട്രീയവുമൊക്കെ ദേശീയതയുമായി കൂട്ടിക്കുഴയ്ക്കുന്നത് ഇന്ത്യയുടെ സ്വത്വത്തിനും ഭരണഘടനയുടെ സാരാംശത്തിനും എതിരാണ്. പാർലമെന്റിലും നിയമസഭകളിലും ബന്ധപ്പെട്ട എല്ലാ മത, ഗോത്ര, രാഷ്ട്രീയനേതാക്കൾക്കിടയിലും വിശദമായ ചർച്ചകൾ ആവശ്യമാണ്. ഇന്ത്യയുടെ ബഹുസ്വരതയും വൈവിധ്യവും നാം കാത്തുപരിപാലിക്കണം. നാനാത്വത്തിലെ ഏകത്വമാണ് ഇന്ത്യയുടെ ഊർജവും ശക്തിയും.**

### ഒഴിവാക്കിയാൽ ഏകീകൃതമാകില്ല

രാജ്യത്താകെയുള്ള ആദിവാസിസമൂഹങ്ങളെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളെയും നിർദ്ദിഷ്ട ഏകവ്യക്തിനിയമത്തിന്റെ പരിധിയിൽനിന്നൊഴിവാക്കാനാണു ബിജെപിക്കു ഭൂരിപക്ഷമുള്ള സമിതിയിലെ ചർച്ച. ചില വിഭാഗങ്ങൾക്കും ഗ്രൂപ്പുകൾക്കും അവരുടെ ആചാരങ്ങൾ പിന്തുടരാൻ സഹായിക്കുന്നതിനു ചില ഒഴിവാക്കലുകൾ അനുവദിക്കണമെന്നാണു നിർദേശം. ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അവരുടെ സമ്മതമില്ലാതെ കേന്ദ്രനിയമങ്ങൾ ബാധകമല്ലെന്നും യോഗം ചൂണ്ടിക്കാട്ടി.

തങ്ങളുടെ തനതായ ആചാരങ്ങളും പരമ്പരാഗതനിയമങ്ങളും തുടച്ചുനീക്കപ്പെടുമെന്നും യൂസിസി അംഗീകരിക്കില്ലെന്നും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ബിജെപി നേതാക്കളും സഖ്യകക്ഷികളും രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്. ആദിവാസിഭൂമി മുതൽ പലതിലും മറ്റുള്ളവർ കൈകടത്താനും തട്ടിയെടുക്കാനും ശ്രമിക്കുന്നുവെന്ന പരാതി വ്യാപകമാണ്. നാഗാലാൻഡ്, മിസോറാം, മേഘാലയ അടക്കമുള്ള സംസ്ഥാനങ്ങളിൽ യൂസിസിക്കെതിരേ പ്രതിഷേധം ശക്തമാണ്. ഹിന്ദുവിഭാഗങ്ങളിൽപോലും ഏകരൂപം ഇല്ലെന്നതു രഹസ്യവുമല്ല. ഏകവ്യക്തിനിയമം ആദ്യം ഹിന്ദുക്കൾക്കിടയിൽ നടപ്പാക്കട്ടേയെന്ന തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ പ്രസ്താവനയിൽ ഇതു വ്യക്തം.

▶ 8

# 70 Years of Printing

**Experience the state-of-the-art printing at Pala's First & Finest printing press.**

MULTI-COLOUR OFFSET PRINTING & CTP • DIGITAL LASER PRINTING • SCREEN PRINTING • POSTER DESIGNING • BINDING • LAMINATION

PALA, KOTTAYAM DT., KERALA - PIN 686575 +91 9496 613 275

**St. Thomas Press, Pala**

*Established:* 1953


# ദീപനാളം

മെഗാ

# സാഹിത്യക്വിസ്



**അൽഫോൻസാ കോളജ് ഓഡിറ്റോറിയം, പാലാ**

**2023 ഓഗസ്റ്റ് 31 വ്യാഴം രാവിലെ 10 മണിക്ക്**

**സമ്മാനങ്ങൾ**

1st ₹15000

2nd 10000 | 3rd 5000

4th 3000 | 5th 2000

## നിബന്ധനകൾ

1. മത്സരാർഥികൾക്കു പ്രായപരിധിയില്ല.
2. ഒരു ടീമിൽ രണ്ടുപേർ ഉണ്ടായിരിക്കും.
3. മത്സരം രണ്ടു ഘട്ടങ്ങളായാണു നടത്തുന്നത്. ആദ്യറൗണ്ട് എഴുത്തുപരീക്ഷയാണ്. അതിൽ മികവു നേടുന്ന അഞ്ചു ടീമുകൾക്കായിരിക്കും രണ്ടാം റൗണ്ടിൽ മത്സരയോഗ്യത.
4. ആദ്യറൗണ്ട് മത്സരങ്ങൾ കഴിഞ്ഞാലുടൻ രണ്ടാം റൗണ്ട് മത്സരങ്ങൾ സ്റ്റേജിൽ ആരംഭിക്കും. രണ്ടാം റൗണ്ട് വിഷ്വൽസിനു പ്രാധാന്യമുള്ളതാണ്.
5. ലോകസാഹിത്യത്തിനും മലയാളസാഹിത്യത്തിനും തുല്യപ്രാധാന്യം ഉണ്ടായിരിക്കും.
6. ചോദ്യോത്തരങ്ങളുടെ പൊതുമാധ്യമം മലയാളമായിരിക്കും.
7. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 200 രൂപ.
8. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഗസ്റ്റ് 25 നു മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
   Mob: 7306 874 714 | Email: editordeepanalam@gmail.com
9. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.



# ചോരക്കൊതി തീരാതെ അറ്റ്ലാന്റിക്



തോമസ് കുഴിഞ്ഞാലിൽ


“ഭയാനകമായ ഒരു നാടകമാണ് നമുക്കു മുമ്പിൽ അരങ്ങേറിയത്. 111 വർഷംമുമ്പ് ടൈറ്റാനിക്കിനെ അപകടത്തിലേക്കു നയിച്ചത് അമിതമായ ആത്മവിശ്വാസമായിരുന്നു. അതേ പാതയിലൂടെത്തന്നെയാണു ‘ടൈറ്റനും’ ദുരന്തത്തിലേക്കു നടന്നടുത്തത്. സമുദ്രത്തിന്റെ അടിത്തട്ടിലെ അധികമർദം താങ്ങാൻ കഴിയാതെ അവിടെവച്ച് പൊട്ടിത്തെറിച്ചേക്കാമെന്ന പലരുടെയും മുന്നറിയിപ്പുകൾ ടൈറ്റന്റെ നിർമാതാക്കളായ ‘ഓഷ്യൻഗേറ്റ്’ കമ്പനിക്കാർ അവഗണിച്ചതാണു വിനയായത്. ടൈറ്റാനിക്കിന്റെ ക്യാപ്റ്റനായിരുന്ന എഡ്വേർഡ് സ്മിത്തിന് കപ്പലിനോടടുക്കുന്ന ഭീമൻ മഞ്ഞുമലയെക്കുറിച്ചു നല്കിയ മുന്നറിയിപ്പുകൾ അവഗണിച്ചതിനു സമാനമാണിത്. അറിഞ്ഞുകൊണ്ടു ദുരന്തത്തിലേക്കു നടന്നടുക്കുകവഴി എത്രയോ ജീവനുകളാണ് അറ്റ്ലാന്റിക്കിൽ പൊലിഞ്ഞത്?”

‘ടൈറ്റാനിക്ക്’ എന്ന വിഖ്യാതചലച്ചിത്രം സംവിധാനം ചെയ്ത് പ്രസിദ്ധനായ ജെയിംസ് കാമറൂണിന്റെ വാക്കുകൾ ഇപ്രകാരം നീണ്ടുപോയി.

“ടൈറ്റന്റെ ദുരന്തം അറിഞ്ഞയുടൻ ആഴക്കടൽവിദഗ്ധരുമായി ഞാൻ ബന്ധപ്പെടുകയുണ്ടായി. 4,000 മീറ്റർ ആഴത്തിലേക്കായിരുന്നു ടൈറ്റന്റെ യാത്ര. 3,500 മീറ്റർവരെ എത്തിയപ്പോഴേക്കും ആശയവിനിമയബന്ധം നഷ്ടപ്പെട്ടിരിക്കാം, ഒടുവിൽ ദുരന്തവും. മുന്നറിയിപ്പുകൾക്കു ചെവി കൊടുക്കാതിരുന്നതിനു നല്കേണ്ടിവന്ന വിലയാണത്”, കാമറൂൺ കൂട്ടിച്ചേർത്തു.

1912 ഏപ്രിൽ 15-ാം തീയതി രാത്രി 2.20 ന് ഭീമാകാരമായ ഒരു മഞ്ഞുകട്ടയിൽ ഇടിച്ചുതകർന്ന് 12,500 അടി താഴെ (ഏകദേശം 4,000 മീറ്റർ) അറ്റ്ലാന്റിക്കിന്റെ അടിത്തട്ടിൽ കിടക്കുന്ന ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾ കാണാൻ അഞ്ചു വിനോദസഞ്ചാരികളുമായി പുറപ്പെട്ട ടൈറ്റൻ എന്ന സമുദ്രപേടകം നേരിട്ട ദുരന്തത്തെ പരാമർശിക്കുകയായിരുന്നു അദ്ദേഹം.

പോളാർ പ്രിൻസ് എന്ന കനേഡിയൻ കപ്പലിൽനിന്നു നാലു ദിവസത്തേക്കുള്ള ഓക്സിജനുമായി കടലിലേക്ക് ഇറക്കിയ ടൈറ്റൻ, മൂന്നു മണിക്കൂറിനുള്ളിൽ ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾ കിടക്കുന്നിടത്തേക്ക് എത്തേണ്ടതായിരുന്നുവെങ്കിലും ദൗത്യം തുടങ്ങി 1.45 മണിക്കൂർ കഴിഞ്ഞപ്പോൾ പോളാർപ്രിൻസുമായുള്ള ആശയവിനിമയബന്ധം നഷ്ടമാകുകയായിരുന്നു. കാനഡയിലെ നോവ സ്കോഷ്യയിൽനിന്നുള്ള ദൗത്യസംഘം നടത്തിയ പ്രാഥമികാന്വേഷണത്തിൽ പേടകം എവിടെയാണെന്നുപോലും കണ്ടെത്താൻ കഴിയാതെ പോയി. കനേഡിയൻ നാവികസേനയ്ക്കൊപ്പം യുഎസ് കോസ്റ്റ് ഗാർഡും, ഫ്രാൻസിൽനിന്നുള്ള കപ്പലുകളും, വിമാനങ്ങളും 26,000 ചതുരശ്രകിലോമീറ്റർ ചുറ്റളവിൽ തിരഞ്ഞെങ്കിലും ഫലമുണ്ടായില്ല. കടലിലേക്കിറക്കിയ ശേഷം മൂന്നാംനാൾ ടൈറ്റനിൽനിന്നുമുള്ളതെന്നു കരുതുന്ന ഏതാനും അപായശബ്ദങ്ങൾ കനേഡിയൻ വിമാനങ്ങൾക്കു കിട്ടിയതുമാത്രമായിരുന്നു ഏകപ്രതീക്ഷ. ഒരുദിവസംകൂടി കഴിഞ്ഞാൽ പേടകത്തിനുള്ളിലെ ഓക്സിജൻ തീരുമെന്ന ആശങ്കയായിരുന്നു എവിടെയും. ഏകദേശം മൂന്നു മണിക്കൂറിനുള്ളിൽ സമുദ്രത്തിന്റെ അടിത്തട്ടിൽ എത്തിയിരിക്കാമെന്നു കരുതുന്ന പേടകം ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കാനുള്ള സാധ്യതയുണ്ടെന്നും തിരച്ചിൽസംഘത്തിനറിയാമായിരുന്നു.



ടൈറ്റൻ സബ്മറീൻ ദൗത്യമാരംഭിച്ചപ്പോൾ

ഒരു റഷ്യൻപര്യവേക്ഷണപേടകത്തിൽ കയറി 23 വർഷം മുമ്പ് ടൈറ്റാനിക്കിനടുത്തെത്തിയ എ ബി സി ന്യൂസിന്റെ എഡിറ്ററായിരുന്ന ഡോ. മൈക്കിൾ ഗില്ലൻ ഇത്തരമൊരനുഭവം മാധ്യമങ്ങളുമായി പങ്കുവച്ചതിങ്ങനെയാണ്: “ടൈറ്റാനിക്കിനടുത്തെത്തി ആ അദ്ഭുതക്കാഴ്ച കാണുമ്പോൾ പൊടുന്നനെയെത്തിയ അതിശക്തമായ അടിയൊഴുക്കിൽ ഞങ്ങളുടെ പേടകം അതിവേഗം പാഞ്ഞ് ടൈറ്റാനിക്കിന്റെ 21 ടൺ ഭാരമുള്ള പ്രൊപ്പല്ലറിന്റെ അടിയിലേക്കിടിച്ചുകയറി. ഇടിയുടെ ആഘാതത്തിൽ ടൈറ്റാനിക്കിന്റെ ദ്രവിച്ചിരുന്ന ചില ഭാഗങ്ങൾ അടർന്നു പേടകത്തിന്റെ മുകളിൽ വീണതോടെ ഞങ്ങൾ ഭയന്നുവിറച്ചുപോയി. മരണം മുന്നിൽക്കണ്ട നിമിഷങ്ങളായിരുന്നു കടന്നുപോയത്. അരമണിക്കൂർ നേരത്തെ കഠിനമായ പരിശ്രമത്തിനൊടുവിൽ പ്രൊപ്പല്ലറിന്റെ അടിയിൽനിന്ന് രക്ഷപ്പെട്ട് ശരവേഗത്തിൽ മുകളിലേക്കു കുതിക്കുകയായിരുന്നു. അദ്ഭുതകരമായ ഒരു രക്ഷപ്പെടലായിരുന്നു ഞങ്ങളുടേത്.”

**ഹതഭാഗ്യരായ അഞ്ചുപേർ**

കഴിഞ്ഞ മാസം 18-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം ഒന്നരയോടെ കടലിലേക്കയച്ച സമുദ്രപേടകത്തിൽ ഓഷ്യൻഗേറ്റ് കമ്പനി ഉടമയും സി ഇ ഒ യുമായ സ്റ്റോക്ടൺ റഷ്, ദുബായിൽ താമസിക്കുന്ന ബ്രിട്ടീഷ് വ്യവസായിയും ആക്ഷൻ ഏവിയേഷൻ കമ്പനിയുടെ ചെയർമാനുമായ ഹാമിഷ് ഹാർഡിങ്, കറാച്ചി ആസ്ഥാനമായ ‘എൻഗ്രോ’ എന്ന ബഹുരാഷ്ട്രക്കമ്പനിയുടെ വൈസ്ചെയർമാനും ശതകോടീശ്വരനുമായ ഷഹ്സാദ ദാവൂദ്, അദ്ദേഹത്തിന്റെ മകൻ 19 കാരനായ സുലെമാൻ, ഫ്രഞ്ചുപൗരനും പേടകത്തിന്റെ പൈലറ്റുമായ പോൾ ഹെൻറി നാർസെലെ എന്നിവരായിരുന്നു യാത്രികർ. 2009 ൽ സ്റ്റോക്ടൺ റഷ് സ്ഥാപിച്ച ഓഷ്യൻഗേറ്റ് കമ്പനി 2021 മുതൽ അറ്റ്ലാന്റിക് പര്യവേക്ഷണം നടത്തുന്നുണ്ട്.

19-ാമത്തെ വയസ്സിൽ പൈലറ്റായ അദ്ദേഹത്തിന്റെ ഭാര്യ വെൻഡി റഷ് ടൈറ്റാനിക്ക് ദുരന്തത്തിൽ മരണമടഞ്ഞ മാതൃകാദമ്പതികളായ ഇസിദോറിന്റെയും ഐഡയുടെയും പിൻതലമുറക്കാരിയാണ്. രണ്ടു വർഷത്തിനിടെ ഓഷ്യൻഗേറ്റ് സംഘടിപ്പിച്ച ടൈറ്റാനിക് യാത്രകളിൽ വെൻഡി മൂന്നു തവണ പോവുകയും, പൂർവികർ കഥാവശേഷരായ കപ്പലിന്റെ അവശിഷ്ടങ്ങൾ കാണുകയും ചെയ്തിട്ടുണ്ട്.

അഞ്ചംഗസംഘത്തിലെ ഏറ്റവും സാഹസികനായ ഹാമിഷ് ഹാർഡിങ്ങ് സാഹസികതയ്ക്കു മൂന്നു ഗിന്നസ് റിക്കാർഡുകൾ സമ്പാദിച്ച വ്യക്തിയാണ്. 2021 ൽ പസഫിക് സമുദ്രത്തിലെ ഏറ്റവും ആഴമുള്ള മരിയാന ട്രെഞ്ചിലേക്ക് 13 വയസ്സുള്ള മകനുമായി യാത്ര ചെയ്തിട്ടുണ്ട്. സമുദ്രത്തിലെ ഏറ്റവും താഴ്ചയുള്ള മരിയാന ട്രെഞ്ചിന്റെ ആഴം 10,971 മീറ്ററാണ് (ഏകദേശം 33,000 അടി). 2019 ൽ ഇരുധ്രുവങ്ങളിലൂടെയും ഏറ്റവും വേഗത്തിൽ ഭൂമിയെ വലംവച്ച എട്ടംഗസംഘത്തെ നയിച്ചത് ഹാർഡിങ്ങാണ്. ഭൂമിയിൽനിന്ന് 107 കിലോമീറ്റർ ഉയരത്തിൽ സഞ്ചരിച്ച ബഹിരാകാശയാത്രയിലെ അംഗവുമായിരുന്നു. അടുത്ത നാളുകളിൽ നമീബിയയിൽനിന്നു ചീറ്റപ്പുലികളെ ഇന്ത്യയിലെത്തിച്ചത് അദ്ദേഹത്തിന്റെ ആക്ഷൻ ഏവിയേഷൻ വിമാനത്തിലാണ്.

ബ്രിട്ടീഷ് ഏഷ്യൻട്രസ്റ്റ്, പ്രിൻസ് ട്രസ്റ്റ് ഇന്റർനാഷണൽ തുടങ്ങിയ ജീവകാരുണ്യസംഘടനകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ഷഹ്സാദ ദാവൂദ്, ഭൂമിക്കു പുറത്ത് ജീവനുണ്ടോയെന്ന് ഗവേഷണം നടത്തുന്ന കാലിഫോർണിയ എസ് ഇ ടി ഐ ഇൻസ്റ്റിറ്റ്യൂട്ടിലെ ഭരണസമിതിയംഗം കൂടിയാണ്. ഷഹ്സാദയുടെ മകൻ സുലെമാനാകട്ടെ, സ്ട്രാത്ക്ളൈഡ് സർവകലാശാലയിലെ ആദ്യവർഷവിദ്യാർഥിയായിരുന്നു. ടൈറ്റൻപേടകത്തിന്റെ ക്യാപ്റ്റൻ കൂടിയായ പോൾ ഹെൻറി നാർസെലെ, 35 തവണ ടൈറ്റാനിക് അവശിഷ്ടങ്ങൾ സന്ദർശിച്ചിട്ടുള്ളതിനാൽ ‘മിസ്റ്റർ ടൈറ്റാനിക്’ എന്ന പേരു സമ്പാദിച്ച സാഹസികനാണ്.



ടൈറ്റൻ സബ്മറീനിലെ യാത്രികർ

ടൈറ്റാനിക്കിന്റെ തകർന്നു കിടക്കുന്ന അവശിഷ്ടങ്ങൾ ഒരു തവണ കണ്ടുമടങ്ങുന്നതിന് ഒരാളിൽനിന്ന് ഓഷ്യൻഗേറ്റ് കമ്പനി 2.50 ലക്ഷം യു. എസ്. ഡോളറാണ് ഈടാക്കുന്നത് (ഏകദേശം രണ്ടുകോടി രൂപ). ടൈറ്റാനിക്കിനു സമീപമെത്തുന്നവർക്കു കാഴ്ചകൾ കണ്ട് മണിക്കൂറുകൾ ചെലവഴിക്കാനും, ഫോട്ടോകളും വീഡിയോയുമെടുക്കാനും ഗവേഷണത്തിനും അവസരമുണ്ട്.

“ടൈറ്റാനിക്ക് കിടക്കുന്നിടം സൂര്യപ്രകാശമില്ലാത്തതും ഉയർന്ന മർദമുള്ള മേഖലയുമാണ്. ഉപരിതലവായുവിന്റെ മർദത്തെക്കാൾ 380 മടങ്ങാണ് സമുദ്രത്തിന്റെ അടിത്തട്ടിലെ മർദം. കൊടുംതണുപ്പും കൂരിരുട്ടും. ആ ഇരുളിൽ സ്വന്തം കൈകൾപോലും കാണാനാകില്ല”, സമുദ്രഗവേഷകനായ ഡേവിഡ് ഗാല്ലോ അഭിപ്രായപ്പെട്ടു.



ടൈറ്റൻ സബ്മറീന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തപ്പോൾ

ടൈറ്റൻ അപ്രത്യക്ഷമായിട്ട് ദിവസങ്ങൾ കഴിഞ്ഞെങ്കിലും എന്തെങ്കിലും അദ്ഭുതങ്ങൾ നടന്നേക്കുമെന്ന പ്രതീക്ഷ തിരച്ചിൽസംഘത്തിനുണ്ടായിരുന്നു. എന്നാൽ, എല്ലാ പ്രതീക്ഷകളും അസ്തമിച്ച ദിവസങ്ങൾക്കാണു ലോകം സാക്ഷിയായത്.

■

# ആരാധനയുടെ പുതിയ സംസ്കാരങ്ങൾ




**കാ**ലഘട്ടം മാറുന്നതിനനുസരിച്ച് ജീവിതരീതികളിൽ മാറ്റം സംഭവിക്കുന്നതു സ്വാഭാവികം. പക്ഷേ, കാലഘട്ടം മാറുന്നതനുസരിച്ച് മനോഭാവങ്ങളിലും സാംസ്കാരികവിനിമയത്തിലും ധാർമികമൂല്യങ്ങളിലും പ്രതിലോമകരമായ മാറ്റങ്ങളും സമീപനങ്ങളുമുണ്ടാകുമ്പോൾ അതു നമ്മെ ആശങ്കപ്പെടുത്തേണ്ടതുണ്ട്. ഈ മാറ്റങ്ങൾ ഏറ്റവും കൂടുതൽ സംഭവിക്കുന്നത് ഇപ്പോഴത്തെ ചെറുപ്പക്കാർക്കിടയിലാണ്. അതുകൊണ്ടുതന്നെ, ചെറുപ്പക്കാരെക്കുറിച്ചുള്ള ഒരുപാട് ആകുലതകൾ സമൂഹത്തിനുണ്ട്. പ്രത്യേകിച്ച്, അവരുമായി കൂടുതൽ സമയം അടുത്തിടപഴകുന്ന അധ്യാപകരെപ്പോലെയുള്ളവർക്ക്.

സമൂഹത്തെ മാറിച്ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നത് സിനിമയാണോ അതോ സമൂഹത്തിന്റെ പ്രതിഫലനം സിനിമയിൽ ഒപ്പിയെടുക്കുകയാണോ എന്നു ചോദിച്ചാൽ അതിനു വ്യക്തമായ മറുപടി കണ്ടെത്താൻ ബുദ്ധിമുട്ടേണ്ടിവരും. സമൂഹത്തിൽനിന്നു സിനിമയും സിനിമയിൽനിന്നു സമൂഹവും കൊടുക്കൽവാങ്ങലുകൾ നടത്തുന്നുണ്ട് എന്നേ അതിനു നിഷ്പക്ഷമായ മറുപടി പറയാൻ കഴിയൂ. അല്ലെങ്കിൽ തങ്ങളുടെ മാനസികവ്യാപാരങ്ങളെ ഒപ്പിയെടുക്കുകയോ തങ്ങളെ പ്രചോദിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന ചില പുതിയ രീതികളിലേക്ക്, സിനിമകളിലേക്ക് യുവജനങ്ങൾ കൂടുതലായി ആകൃഷ്ടരാകുന്നുണ്ടാവാം. അച്ചടിച്ച ധാർമികപ്രബോധനങ്ങളെയും വ്യവസ്ഥപ്പെടുത്തിയ സാമൂഹികക്രമങ്ങളെയും തകിടം മറിക്കാനുള്ള പൊതുപ്രവണത സമൂഹത്തിലെ പുതുതലമുറ ഈയിടെയായി കാണിച്ചുവരുന്നുണ്ട്.

മാറുന്ന ഈ കാലത്തിന്റെ പുതിയ അടയാളപ്പെടുത്തലായിരുന്നു തല്ലുമാല എന്ന സിനിമ. ടൊവിനോ തോമസ് നായകനായി അവതരിപ്പിക്കപ്പെട്ട പ്രസ്തുത സിനിമ 72 കോടി രൂപ വാരി മലയാളത്തിലെ മികച്ച സാമ്പത്തികലാഭം കൊയ്തെടുത്ത സിനിമകളുടെ പട്ടികയിൽ ഏഴാം സ്ഥാനത്താണെന്നാണ് ചില കണക്കുകൾ പറയുന്നത്.

മലയാളിപ്രേക്ഷകർ അന്നേവരെ ശീലിച്ചുപോന്നിരുന്ന തനതുരീതികളിൽനിന്ന് അമ്പേ വ്യത്യസ്തമായ ട്രീറ്റുമെന്റായിരുന്നു തല്ലുമാലയിലേത്. കോമിക് പുസ്തകങ്ങളിലേതിനു സമാനമായ രീതിയിലുള്ള അവതരണം. പ്രതിപാദനത്തിലെ പുതുമയെ അംഗീകരിക്കുമ്പോൾത്തന്നെ മണവാളൻ വസി എന്ന നായകകഥാപാത്രം എത്രത്തോളം ന്യായീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട് എന്നതാണു പ്രസക്തമായ ചോദ്യം.

സിനിമയിലെ നായകന്മാരെല്ലാം സൽഗുണസമ്പന്നരാകുകയും നന്മമരങ്ങളായി വാഴ്ത്തപ്പെടുകയും ചെയ്യുന്ന രീതിയൊക്കെ പുതിയ സിനിമയിൽ കാലഹരണപ്പെട്ടുപോയി. അതിനെ അതിന്റേതായ വഴിക്കു വിടുമ്പോൾത്തന്നെ മണവാളൻ വസിക്ക് എങ്ങനെയാണ് ആരാധകരെ സൃഷ്ടിച്ചെടുക്കാൻ കഴിയുന്നത് എന്നതിലാണ് അന്വേഷണം നടത്തേണ്ടത്. ആരാധകരേ ശാന്തമാകൂ എന്ന് അലകടൽപോലെ ആർത്തിരമ്പുന്ന അനുവാചകരോടു പറയാൻമാത്രം വസിക്കെങ്ങനെയാണ് ഫാൻസുണ്ടാവുന്നത്? അതിന് അയാൾ ആരാണ്?

ഒരു കോളജിലെ ഒരു പ്രോഗ്രാമിലേക്ക് പ്രത്യേക ക്ഷണിതാവായിട്ടാണ് വ്ളോഗറായ വസി എത്തുന്നത്. വസി വ്ളോഗറാകുന്നതാകട്ടെ തല്ലുകൂടിയും അടിപിടി നടത്തിയും അതു ലൈവായി ചിത്രീകരിച്ചും എന്നതാണ് അതിന്റെ പിന്നിലെ രസം. വലിയൊരു കൂട്ടം ആരാധകരാൽ അകമ്പടി സേവിക്കപ്പെട്ടാണ് അയാൾ വേദിയിലേക്കെത്തുന്നത്. ഈ സമയംതന്നെ വേദിയിൽ കവി/സാംസ്കാരികനായകൻ പ്രസംഗിക്കുന്നുണ്ട്. സമൂഹത്തെ മുഴുവൻ നന്നാക്കിയെടുക്കാനുള്ള ഉത്തരവാദിത്വം തന്റേതാണെന്നു വിശ്വസിക്കുന്ന, പുതുതലമുറ മുഴുവൻ ശരിയല്ലെന്നു തെറ്റിദ്ധരിക്കുന്ന വിധത്തിലുള്ള പ്രസംഗമായിരിക്കാം അദ്ദേഹത്തിന്റേത്. അതുകൊണ്ടുതന്നെയാവാം, ശുഷ്കമായ സദസ്സാണ് അയാളുടേത്. അതിന്റെ ഇടയിലേക്കാണ് വസി എത്തിച്ചേരുന്നത്.

പ്രസംഗിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരികനായകന്റെ മൈക്ക് ബലമായിട്ടെന്നോണം കവർന്നെടുക്കുകയാണ് വസി. വസിയെ സാംസ്കാരികനായകന് അറിയില്ല. വസിക്ക് സാംസ്കാരികനായകനെയും.. വസി അധികം പ്രസംഗിക്കുന്നില്ല. എന്നിട്ടും അയാളാണ് കൈയടി നേടുന്നത്. ഇത്രമാത്രം ജനപ്രിയനാകാൻ അയാളെന്താണു ചെയ്തത്? അയാളൊന്നും ചെയ്തിട്ടില്ല. വേഷം, രൂപം, സ്റ്റൈൽ.. അടി.. ഇതാണ് വസിയെ രൂപപ്പെടുത്തിയിരിക്കുന്നത്.

യുവജനങ്ങൾക്ക് അയാളാണ് ഹീറോ.. ഇതാണ് ഇന്നത്തെ യുവജനങ്ങളുടെ ട്രെൻഡ്. പ്രസംഗകരും സാംസ്കാരികനായകരും തിരസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എംഎൻ വിജയനോ സുകുമാർ അഴീക്കോടോ ഇഎംഎസോ എന്തിന് സാക്ഷാൽ എപിജെ അബ്ദുൾ കലാം തന്നെയോ ഇന്നത്തെ സമൂഹത്തിന് അഭിമതരാകുമായിരുന്നോ എന്ന സംശയം ഇതെഴുതുമ്പോഴുണ്ട്. പ്രസംഗങ്ങൾ കേൾക്കാൻ, പ്രബുദ്ധരാകാൻ ആഗ്രഹിക്കുന്നവർ ഇന്നു കുറവാണ്, പ്രത്യേകിച്ച് കൗമാരക്കാർ.



ചിന്തകൾകൊണ്ടല്ല കാഴ്ചകൾകൊണ്ടാണ് ഇന്ന് ലോകത്തോട് അവർ പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ്, സണ്ണി ലിയോണിനെയും ഹണി റോസിനെയും അന്നാ രേഷ്മ രാജനെയും കാണാൻ വലിയ ആൾക്കൂട്ടങ്ങൾ രൂപപ്പെടുന്നത്. കാഴ്ചകളെയാണ് ആൾക്കൂട്ടം തൃപ്തിപ്പെടുത്തുന്നത്. സത്യത്തിൽ ആൾക്കൂട്ടങ്ങൾക്കുമുമ്പിൽ ഇരകളാകാൻ സ്വയം നിന്നുകൊടുക്കുകയല്ലേ ഇവർ ചെയ്യുന്നത്? അഭിനയിച്ച കഥാപാത്രങ്ങളോടോ ജീവിതത്തോടു പുലർത്തുന്ന സമീപനം കൊണ്ടോ ഉള്ള ഇഷ്ടത്താലല്ല ഇവരെ കാണാൻ ആളുകൾ തടിച്ചുകൂടുന്നത് എന്നതാണ് യാഥാർഥ്യം.

തല്ലുമാലയിലും കാഴ്ചകളുടെ വൈവിധ്യവും മനോഹാരിതയും ഭംഗിയായി സമന്വയിക്കപ്പെടുന്നുണ്ട്. വളരെ കളർഫുള്ളായ ഫ്രെയിമുകൾ.. വർണ്ണപ്പകിട്ടിൽ മുങ്ങിയ കോസ്റ്റ്യൂംസ്. ചിത്രകഥയിലെ ഡിഷ്യൂ ഡിഷ്യൂം പോലെയുള്ള സംഘട്ടനചിത്രീകരണങ്ങൾ. ഒരു കോമിക് കഥപ്പുസ്തകത്തിൽ നിശ്ചിതസമയം ചെലവഴിക്കുന്ന അതേ അനുഭൂതിയാണ് തല്ലുമാല പകർന്നുനല്കുന്നത്. ഇത്തരമൊരനുഭവത്തിനുവേണ്ടിയാണ് ആളുകൾ തീയറ്ററിലേക്കിരച്ചുകയറിയത്.

ഇതേ ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രം തന്നെയാണ് വടക്കാഞ്ചേരിയിൽ തൊപ്പിയെ കാണാൻ തടിച്ചുകൂടിയ കൗമാരക്കാരുടേതും. മണവാളൻ വസിയിൽനിന്ന് തൊപ്പി നിഹാദിലേക്ക് ദൂരമേറെയൊന്നും ഇല്ല. സമൂഹത്തിനു ഭേദപ്പെട്ട ഒരു ചിന്തപോലും നല്കാത്തവരാണ് രണ്ടുകൂട്ടരും.

തൊപ്പിയെ അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്യുന്നവരുണ്ട്. നിഹാദിനെ ന്യായീകരിക്കുന്നവരും ആ പയ്യന് ഒത്താശ പാടുന്നവരും അങ്ങനെയൊരാൾ സ്വന്തം കുടുംബത്തിലുണ്ടാകുമ്പോഴും ഇതേ രീതിയിൽത്തന്നെ പ്രതികരിക്കുമോ? അതാണു ചിന്തിക്കേണ്ടത്.

ജീവിതസാഹചര്യങ്ങളാണ് നിഹാദിനെ തൊപ്പിയാക്കിയത് എന്നതിന്റെ പേരിൽ ആ ചെറുപ്പക്കാരന് ന്യായീകരണത്തിന്റെ ആനുകൂല്യം നല്കുന്നവർ ഏറെയാണ്. പക്ഷേ, നിഹാദിന്റെ ജീവിതത്തിൽ സംഭവിച്ചവയെ സാമാന്യവൽക്കരിക്കുകയും അതിന്റെ സ്വാധീനം അപകടകരമായ വിധത്തിൽ പുതിയ സമൂഹത്തിനു കൈമാറുകയും ചെയ്യുന്നതാണ് അപലപനീയമാകുന്നത്. നിഹാദിനെപ്പോലെ മുറിവേറ്റ സമൂഹമാണ് അയാളുടെ ആരാധകരെങ്കിൽ ഈ സമൂഹത്തെയോർത്ത് നാം അത്യധികം ആകുലപ്പെടേണ്ടിയിരിക്കുന്നു. ഇത്രയധികം മുറിവുകൾ അവർക്ക് ആരാണു നല്കിയത്? കുടുംബമോ സമൂഹമോ?

മൂല്യങ്ങളെയും ഉദാത്തമാതൃകകളെയും തകിടം മറിക്കുന്ന വസിയെയും തൊപ്പിയെയും ആരാധകരായി സ്വീകരിക്കുന്ന യുവജനങ്ങൾക്കല്ല; ചിലപ്പോൾ ഇതൊന്നും കണ്ടു ദഹിക്കാതെ നില്ക്കുന്ന മുതിർന്ന തലമുറയ്ക്കായിരിക്കുമോ പ്രശ്നം? അങ്ങനെയും തോന്നിയിട്ടുണ്ട്... കാരണം, നമുക്ക് ഉയർത്തിക്കാണിക്കാൻ കഴിയുന്ന വിധത്തിലുള്ള മാതൃകകൾ ഇന്നുണ്ടോ? എവിടെയും നാം കാണുന്നത് വികൃതമായ മാതൃകകളാണ്. റോൾമോഡലുകൾക്കു ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നു. ഇത്തരം കുറവുകളുടേ മധ്യേയാണ് മണവാളൻ വസിയും തൊപ്പിനിഹാദും ഇടം പിടിക്കുന്നത്.

ഹിപ്പിസംസ്കാരം പോലെ ചിലപ്പോൾ ഈ പ്രവണത കുറെക്കാലമെങ്കിലും നമുക്കിടയിൽ വേരുന്നിയേക്കാം. അസ്തിത്വദുഃഖത്തിന്റെ വിഹ്വലതകളുമായി ഒരു സമൂഹം ഇവിടെ കഴിഞ്ഞുകൂടിയതുപോലെ ഇനിയൊരു തലമുറ വ്ളോഗർമാരുടെ പിന്നാലേ പോയി, അപക്വമായ ജീവിതവീക്ഷണത്തിന്റെ അനുകർത്താക്കളായി മാറിയേക്കാം. അതൊക്കെ എന്തായാലും, നിലവിലുള്ള സാമൂഹികക്രമങ്ങളെ തകിടംമറിച്ചുകൊണ്ടുള്ള ഒരു പുതുതലമുറ വ്യാപകമാകുന്നതും ശക്തിയാർജിക്കുന്നതും ചങ്കിടിപ്പോടെമാത്രമേ നമുക്കു നോക്കിക്കാണാനാവൂ എന്നു പറയാതെ വയ്യ. ■

# ജോക്കോവിച്ചിനെ കാത്ത് റെക്കോർഡുകൾ ബാക്കി



സനിൽ പി. തോമസ്

**ഓ**ൾ ഇംഗ്ലണ്ട് ക്ലബിന്റെ ഗ്രാസ് കോർട്ടിൽ ജൂലൈ മൂന്നിന് വിമ്പിൾഡൺ ടെന്നീസ് ചാമ്പ്യൻഷിപ്പ് തുടങ്ങുമ്പോൾ പ്രധാന ചോദ്യം നൊവാക് ജോക്കോവിച്ച് ഗ്രാൻസലാം കിരീടങ്ങളുടെ എണ്ണം രണ്ടു ഡസൻ തികയ്ക്കുമോ എന്നതായിരിക്കും. ജൂണിൽ ഫ്രഞ്ച് ഓപ്പൺ ജയിച്ച് ജോക്കോവിച്ച് ഇരുപത്തിമൂന്നാം ഗ്രാൻസ്ലാം ടൂർണമെന്റ് സ്വന്തമാക്കിയപ്പോൾത്തന്നെ ചരിത്രം പിറന്നു. അതുവരെ കൂടുതൽ ഗ്രാൻസ്ലാം കിരീടങ്ങൾ എന്ന റെക്കോർഡ് ജോക്കോവിച്ചും റാഫേൽ നദാലും പങ്കുവയ്ക്കുകയായിരുന്നു. (22 വീതം കിരീടങ്ങൾ).

റൊളാങ് ഗാരോയിൽ 14 തവണ കിരീടം നേടിയ, ക്ലേ കോർട്ട് രാജാവ് നാദാൽ ഇക്കുറി പരിക്കുമൂലം മത്സരിക്കാതിരുന്നപ്പോൾ ജോക്കോവിച്ചിന് കാര്യങ്ങൾ എളുപ്പമായി. ഫൈനലിൽ സെർബിയയുടെ മുപ്പത്താറുകാരൻ ജോക്കോവിച്ച് കാസ്പർ മൂദിനെ തുടർച്ചയായ സെറ്റുകൾക്കാണു പരാജയപ്പെടുത്തിയത് (7–6, 6–3, 7–5). പക്ഷേ, ഇതിലപ്പുറം നൊവാക് ജോക്കോവിച്ചിന്റെ ജയത്തിലൊരു പ്രത്യേകതയുണ്ട്. മൂന്നാം തവണയാണ് ജോക്കോവിച്ച് ഫ്രഞ്ച് ഓപ്പൺ ജയിക്കുന്നത്. അതുവഴി നാല് ഗ്രാൻസ്ലാം ടൂർണമെന്റുകളും മൂന്നു തവണയെങ്കിലും വിജയിച്ച ഏക കളിക്കാരനായി ജോക്കോവിച്ച്. വ്യത്യസ്ത പ്രതലങ്ങളിൽ പ്രതിഭ തെളിയിക്കുക എളുപ്പമല്ല എന്നതുതന്നെ ജോക്കോവിച്ചിന്റെ നേട്ടത്തിന്റെ തിളക്കം വർധിപ്പിക്കുന്നു.

ഫ്രഞ്ച് ഓപ്പണിലും വിമ്പിൾഡണിലും തുടരെ ജയിക്കുമ്പോഴും യു.എസ്. ഓപ്പണിൽ കാലിടറുന്ന ബോൺ ബോർഗിനെയും, മറിച്ച് ഫ്രഞ്ച് ഓപ്പണിൽ പലപ്പോഴും പതറുന്ന പീറ്റ് സാംപ്രസ്സിനെയും റോജൻ ഫെഡററിനെയും ഫ്രഞ്ച് ഓപ്പണിലെ അതിപ്രാഗല്ഭ്യം മറ്റിടങ്ങളിൽ കാഴ്ചവയ്ക്കാൻ വിഷമിക്കുന്ന റാഫേൽ നാദാലിനെയുമൊക്കെ നാം കണ്ടതാണ്. കൊവിഡ് പ്രതിരോധവാക്സിൻ എടുക്കില്ല എന്നു വാശിപിടിച്ച് ഓസ്ട്രേലിയൻ ഓപ്പണിൽ കളിക്കാൻ അവസരം നഷ്ടപ്പെട്ട കാലത്തുനിന്നുള്ള തിരിച്ചുവരവുകൂടിയാണ് ജോക്കോവിച്ചിന്റേത്.

നദാലും ജോക്കോവിച്ചും 22 –22 സമനില പാലിച്ചപ്പോഴും



നദാലിന്റെ 22 ൽ പതിനാലും ഫ്രഞ്ച് ഓപ്പൺ വിജയങ്ങളായിരുന്നു. ജോക്കോവിച്ച് 10 തവണ ഓസ്ട്രേലിയൻ ഓപ്പണും ഏഴു തവണ വിമ്പിൾഡണും മൂന്നു തവണവീതം യു.എസ്., ഫ്രഞ്ച് ഓപ്പണുകളും വിജയിച്ചുകഴിഞ്ഞു. 2008 ൽ ഓസ്ട്രേലിയൻ ഓപ്പൺ വിജയിച്ചുകൊണ്ട് തുടക്കമിട്ട ഗ്രാൻസ്ലാം ടൂർണമെന്റ് വിജയങ്ങൾ ഒന്നരപ്പതിറ്റാണ്ട് പിന്നിട്ടിട്ടും തുടരുന്നു എന്നത് കായികക്ഷമതയും അതിലുപരി പ്രായത്തെ വെല്ലുന്ന പ്രതിഭയും വിളിച്ചറിയിക്കുന്നു. പൂർണസമർപ്പണത്തിന്റെ വിജയം.

നാല് ഗ്രാൻഡ്സ്ലാം ടൂർണമെന്റുകളും ഒരേ കലണ്ടർ വർഷം വിജയിച്ച് 'ഗ്രാൻഡ്സ്ലാം' സ്വന്തമാക്കാൻ ഓസ്ട്രേലിയയുടെ റോഡ് ലെവറിനുശേഷം മാർക്കും പുരുഷവിഭാഗത്തിൽ സാധിച്ചിട്ടില്ല. ലെവർ ഈ നേട്ടം കൈവരിച്ചതാകട്ടെ 1969 ലും. ഇത്തവണയും ജോക്കോവിച്ചിന് അങ്ങനെയൊരു അവസരം ബാക്കിയുണ്ട്. 2021 ൽ കഷ്ടിച്ചാണ് ഗ്രാൻസ്ലാം നേട്ടം ജോക്കോവിച്ചിന്റെ കൈവിട്ടത്. ഓസ്ട്രേലിയൻ, ഫ്രഞ്ച്, വിമ്പിൾഡൺ വിജയങ്ങൾക്കുശേഷം യു.എസ്. ഓപ്പൺ ഫൈനലിൽ കടന്ന ഈ സൂപ്പർ താരം ദാനിൽ മെദ്‌വെദെവിനോടു കീഴടങ്ങുകയായിരുന്നു. ഒരുപക്ഷേ, മെദ്‌വെദെവ് പോലും ചിന്തിച്ചിരിക്കും ജോക്കോവിച്ചിന്റെ ചരിത്രമെഴുതാനുള്ള അവസാന ചുവടിനാണല്ലോ താൻ വിലങ്ങുതടിയായതെന്ന്.

നാലാം വയസ്സിൽ പിതാവ് വാങ്ങിത്തന്ന റാക്കറ്റുമായി ടെന്നീസ് കളിച്ചുതുടങ്ങിയ ജോക്കോവിച്ച് പതിന്നാലാം വയസ്സിൽ മൂന്നു യൂറോപ്യൻ ജൂനിയർ കിരീടങ്ങൾ ചൂടി. ലോകജൂനിയർ ചാമ്പ്യൻഷിപ്പിൽ റണ്ണർഅപ്പുമായി ഒടുവിൽ മുപ്പത്താറാംവയസ്സിൽ ലോക ഒന്നാം റാങ്ക് തിരികെപ്പിടിക്കാൻ കഴിഞ്ഞുവെന്നത് ചരിത്രം. യു.എസ്.താരം പീറ്റ് സാംപ്രസിനെ ആരാധിക്കുന്ന ജോക്കോവിച്ച് വനിതാ പരിശീലനക ജലേന ജൻസിക്കിനു കീഴിലാണ് ബാല്യകാലത്ത് പരിശീലനം നടത്തിയിരുന്നതെന്നതും ശ്രദ്ധേയമാണ്.

സെർബിയൻ, ഇറ്റാലിയൻ, ജർമൻ, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കും. ഭിന്നശേഷിക്കാരായ കുട്ടികളെയും മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളെയും സഹായിക്കുന്നതിന് 2007 മുതൽ നൊവാക് ജോക്കോവിച്ച് ഫൗണ്ടേഷനും നടത്തുന്നു. കൊവിഡ് കാലത്തെ വാക്സിൻ വിരുദ്ധ സമീപനം ഒഴിച്ചാൽ കാര്യമായ വിവാദങ്ങളിലൊന്നും എത്തിപ്പെട്ടിട്ടില്ല. പക്ഷേ, മറ്റു പല താരങ്ങളെയും പോലെ ആരാധകരെ ആകർഷിക്കാൻ ജോക്കോവിച്ചിനു പലപ്പോഴും സാധിച്ചിട്ടില്ല. അതുകൊണ്ടാണ് റോജർ ഫെഡറൽ വിരമിച്ചപ്പോൾ ഉടലെടുത്ത ശൂന്യത അവശേഷിക്കുന്നതായി ടെന്നീസ് പ്രേമികൾക്കു തോന്നുന്നത്.

ദാനിൽ മെഡ്‌വെദേവിനെയും കാർലോസ് അൽക്കാരസിനെയും പിൻതള്ളി വീണ്ടെടുത്ത ജോക്കോവിച്ചിന് എതിരാളിയായി പരുക്കു ഭേദപ്പെട്ട് സ്പാനിഷ് താരം റാഫേൽ നദാൽ മടങ്ങിയെത്തിയേക്കാം. പക്ഷേ, ഇനി വിമ്പിൾഡനും പിന്നാലെ യു.എസ്. ഓപ്പണുമാണു ബാക്കിയുള്ളതെന്നത് കണക്കിലെടുക്കുമ്പോൾ കലണ്ടർ ഗ്രാൻഡ്സ്ലാമിന് ജോക്കോവിച്ചിന് അവസരം ബാക്കിയുണ്ട്. കരിയർ ഗ്രാൻസ്ലാം തന്നെ അപൂർവമായൊരു കാലഘട്ടത്തിൽ ജോക്കോവിച്ച് കലണ്ടർ വർഷ ഗ്രാൻസ്ലാം സാധ്യമാക്കിയാൽ അതൊരു സംഭവമായും ഡോൺ ബഡ്ജിനും റോഡ് ലെവറിനുമൊപ്പം കസേര ലഭിക്കും.

വനിതാവിഭാഗത്തിൽ, 1988 ൽ സ്റ്റെഫിഗ്രാഫ് കലണ്ടർ വർഷ ഗ്രാൻസ്ലാമിനുപിന്നാലെ സോൾ ഒളിമ്പിക്സിലും സ്വർണം നേടി ഗോൾഡൻ സ്ലാം എന്ന അപൂർവനേട്ടം കരസ്ഥമാക്കിയശേഷം വീണ്ടുമൊരു ഗ്രാൻസ്ലാമിനെക്കുറിച്ച് ടെന്നീസ് ലോകം ചിന്തിക്കുന്നു. ഇക്കുറി കൈവിട്ടാൽ പിന്നെ എളുപ്പമല്ല. മാത്രമല്ല, നാല് മേജർ കിരീടങ്ങൾ ഒരു വർഷം വിജയിക്കാൻ പോന്നൊരു സൂപ്പർ താരം ഇനിയെന്നു വളർന്നു വരാൻ? ■

---

കവിത

ശ്യാമള അനിൽകുമാർ

## മോഹഭംഗങ്ങൾ

കാലം മറക്കാത്ത വിതുമ്പലായെന്നും
കാർമുകിലഴകേ മലയോരം കേഴുന്നുവോ
കനവുകൾ തളിരിടും താഴ്‌വരയിലൂടെ
കിന്നാരം ചൊല്ലി നടന്നതല്ലേ നമ്മൾ

ചക്കയും മാങ്ങയും മക്കൾക്കായ് തേടി
അലഞ്ഞതല്ലേ നമ്മളീ വനഭൂമിയിൽ
കാടുകൾ നീട്ടിത്തെളിച്ച് ഭൂമിക്കു ചരമഗീതം
പാടുമ്പോൾ നിയമങ്ങളൊന്നും അറിയില്ല എനിക്ക്

കാണികൾ ചെണ്ടകൊട്ടി പന്തംകൊളുത്തുന്നു
ഭീകരനെന്നു മുദ്രണം ചെയ്യുന്നു
തോക്കിൻമുനകളാൽ പീഡിതനാക്കി
കാപ്പ ചുമത്തി നാടുകടത്തുന്നു.

ആശ്വാസത്തിന്റെ തിരയിളക്കത്തിനിടയിലും
സഹതാപത്തിന്റെ ചില തണുത്ത നോട്ടം
ജയിലറയ്ക്കുള്ളിൽ തളച്ച എന്റെ സത്വം
വീണ്ടെടുക്കാൻ ബദ്ധപ്പെട്ടോടി നടന്നു.

വിജനതയിലെൻ ശബ്ദം നേർത്തു വരുമ്പോൾ
അറിഞ്ഞു നീതിശാസ്ത്രത്തിന്റെ നിശ്ശബ്ദത
മനസ്സിന്നാഴങ്ങളിലെ സ്നേഹമഴയിൽ
പ്രാണനായുള്ളവരെയും കാണാതുഴറി

നിൻമടിയിൽ തല ചായ്ച്ചുറങ്ങാൻ ഇരുളിൻ
മറപറ്റി ആവേശമോടെ നടക്കുന്നു ഞാൻ
ദിശാപഥം തേടി വരുന്നീ ഭാഗ്യദോഷിക്ക്
സാധ്യമാകുമോ മമ ജന്മഗേഹം പൂകുവാൻ.

## പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ

സെന്റ് തോമസ്

# ആർട്ട് ഗാലറി

കലയുടെ കലവറ

St. Thomas Art Gallery



- വിവിധതരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരം.
- വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങൾ, ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ.
- ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും

Deepanalam Weekly
RNI No : 16998/68
Vol. 56 No. 19 Date of Publication 6 July 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# 2023 - 2024 ADMISSION STARTED



## PARAMEDICAL COURSES

### DEGREE COURSES

1. B.Sc. Medical Laboratory Technology
2. B.Sc. Radio Imaging Technology
3. B.Sc. Dialysis Technology
4. B.Sc. Cardiovascular Technology
5. B.Sc. Operation Theatre and Anaesthesia Techonology
6. B.Sc. Occupational Therapy
7. B.Sc. Radio Therapy
8. B.Sc. Optometry
9. B.Sc. Neuro Technology
10. B.Sc. Forensic

Minimum Qualification +2 passed

### PG COURSES

1. M.Sc. MLT
2. M.Sc. MLT (Biochemistry/Microbiology)
3. M.Sc. RIT
4. M.Sc. Dialysis Technology

### DIPLOMA COURSES

1. DMLT
2. DRIT
3. D.Anaesthesia
4. D. OTT
5. DCVT
6. D.Dialysis

Minimum Qualification SSLC passed / +2 Failed

**51 YEARS OF EXCELLENCE IN PARAMEDICAL TRAINING**

യു. ജി. സി. അംഗീകൃത യൂണിവേഴ്സിറ്റിയുടെ 3 വർഷ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾകൂടി ലഭ്യമാണ്. പ്രമുഖ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിൽ ഓരോ വർഷവും 2 മാസം വീതം പ്രാക്ടിക്കൽ സൗകര്യം ലഭ്യമാണ്. സംവത്സരങ്ങളുടെ പ്രവർത്തനപാരമ്പര്യമുള്ള, കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന, കേരളത്തിൽനിന്ന് ഏറ്റവും കൂടുതൽ കുട്ടികൾക്കു വിദേശജോലി നേടിക്കൊടുത്ത സ്ഥാപനം. താത്പര്യമുള്ളവർ ഉടൻ നേരിൽ ബന്ധപ്പെടുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം.

# BHARAT

## EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE, PALA

ANDOOR (PALA - VAIKOM ROUTE), MARANGATTUPILLY, KOTTAYAM Dt

Phone: 04822-214234, 8921712807, 9447507858, 9446900866

എല്ലാവിധ ഇംഗ്ലീഷ് – ആയുർവേദ – വെറ്ററിനറി മരുന്നുകൾക്കും വിശ്വസ്തസ്ഥാപനം

# NIRAPPEL MED +

(നിരപ്പേൽ നാരായണൻ വൈദ്യനാൽ 1947 ൽ സ്ഥാപിതം)

ന്യൂ മുനിസിപ്പൽ കോംപ്ലക്സ്, വലിയപാലത്തിനു സമീപം മെയിൻ റോഡ്, പാലാ Ph: 7559927020

എല്ലാവിധ ഇൻസുലിനും 15 % മുതൽ 20% വരെ വിലക്കുറവിൽ ലഭിക്കുന്നു

ആയുർവേദഫിസിഷ്യന്റെ സേവനം ലഭ്യമാണ്

വിപണിയിൽ പ്രചാരമേറുന്നു...: ബീനാ ഹെയർ ടോണിക്

ഡോ. സച്ചിൻ ദിലീപ് നിരപ്പേൽ BAMS (ഫിസിഷ്യൻ)

# അമല ആയുർവേദ

അട്ടിക്കൽ, പൊൻകുന്നം, ഫോൺ: 04822 – 221058, 9447773241

വാതരോഗങ്ങൾ, ത്വഗ്രോഗങ്ങൾ, സോറിയാസിസ്, നട്ടെല്ലുരോഗങ്ങൾ, തളർവാതം, അർശസ്സ്, പ്രമേഹം, ആസ്ത്മ, കരൾരോഗങ്ങൾ, വൃക്കരോഗങ്ങൾ, സ്ത്രീരോഗങ്ങൾ, ബാലരോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക ചികിത്സ. പിഴിച്ചിൽ, തിരുമ്മ്, നവരക്കിഴി, പഞ്ചകർമ്മചികിത്സ എന്നിവയ്ക്ക് പ്രത്യേക ചികിത്സാവിഭാഗം. ഒടിവ്, ചതവ്, ഉളുക്ക് ഇവയ്ക്ക് മർമ്മചികിത്സ. സ്ത്രീകൾക്കുവേണ്ടി പ്രത്യേക വിഭാഗവും ഡോക്ടറുടെ സേവനവും ലഭ്യമാണ്.

പരിശോധനാസമയം: രാവിലെ 9 മുതൽ 1 വരെ, ഉച്ചകഴിഞ്ഞ് 3.00 മുതൽ 6.30 വരെ (ഞായർ അവധി)

ഫിസിഷ്യൻസ് :
ഡോ. കെ. എം. ഫിലിപ്പ് B.A.M.
ഡോ. സോഫിയ ഫിലിപ്പ് B.A.M.
ഡോ. സെബാസ്റ്റ്യൻ ഫിലിപ്പ് B.A.M.S., M.D (Ay)
ഡോ. ലിൻഡാ സെബാസ്റ്റ്യൻ B.A.M.S.

എല്ലാവിധ ആയുർവേദ ഔഷധങ്ങൾക്കും ചികിത്സയ്ക്കും

# കുറിച്ചിത്താനം ആയുർവേദ വൈദ്യശാല

കുരിശുപള്ളിക്കവല, പാലാ Ph: 9447571650

വെരിക്കോസ് വെയിൻ, വെരിക്കോസ് അൾസർ എന്നിവയ്ക്കു ചികിത്സ ലഭ്യമാണ്

ധന്വന്തരി വൈദ്യശാല (തൊടുപുഴ)യുടെ പാലായിലെ അംഗീകൃത ഏജൻസി


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist, Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org